uts. website

Website

15/2/17 JR

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി

നമ്പർ. നമ്പർ. എൻജി/452/എസ്.എസ്.യു.എസ്/2017 തീയതി 07.02.2017.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല രജിസ്ട്രാർ, താഴെ സൂചിപ്പിച്ച വിഭാഗത്തിലുള്ള പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് പരിചയസമ്പന്നരും സാമ്പത്തികശേഷിയുള്ളവരുമായ കരാറുകാർ/സ്ഥാപനങ്ങളിൽ നിന്നും താഴെ പറയുന്ന പ്രവൃത്തിയ്ക്ക് ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര് | : | താമരക്കുളത്തിലെ ജലം ശുദ്ധീകരിക്കുന്നതിനായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ തുക | : | 4,98,750/- (നാല് ലക്ഷത്തി തൊണ്ണൂറ്റെണ്ണായിരത്തി എഴുന്നൂറ്റിയമ്പത് രൂപ) |
| പ്രവൃത്തി തീർക്കേണ്ട കാലാവധി | : | 20 ദിവസം |
| നിരതദ്രവ്യം | : | 12,500/- (പന്തീരായിരത്തി അഞ്ഞൂറ് രൂപ) |
| ദർഘാസ് പ്രമാണവില | : | 1050/- രൂപ |
| ദർഘാസ് പ്രമാണങ്ങൾ ഡൗൺലോഡ് ചെയ്യാവുന്ന തീയതി | : | 16.02.2017 മുതൽ |
| ദർഘാസ് പ്രമാണങ്ങൾ ഓൺലൈനായി സമർപ്പിക്കാവുന്ന തീയതി | : | 16.02.2017 മുതൽ 25.02.2017 വൈകുന്നേരം 5 മണി വരെ |
| അവശ്യരേഖകൾ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ട അവസാനതീയതി | : | 01.03.2017 വൈകീട്ട് 3 മണി |
| ദർഘാസുകൾ തുറക്കുന്ന തീയതി | : | 01.03.2017 വൈകീട്ട് 3 മണി |

ദർഘാസ് തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ സർക്കാർ പൊതുഅവധി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം ദർഘാസുകൾ തുറക്കുന്നതായിരിക്കും. ദർഘാസിനോടൊപ്പം 200/- രൂപയുടെ മുദ്രക്കടലാസിൽ എഴുതിയൊപ്പിട്ട പ്രാഥമിക ഉടമ്പടിയും ഉണ്ടായിരിക്കേണ്ടതാണ്.

തിരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ പ്രവൃത്തിയ്ക്കാവശ്യമായ ഉടമ്പടി ഒപ്പ് വയ്ക്കുമ്പോൾ ഉടമ്പടിതുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി സമർപ്പിക്കേണ്ടതാണ്. ഈ തുകയുടെ 50% ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റായിരിക്കണം. 19.08.1997ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ (പി)84/97/പി.ഡബ്ലിയു.ഡി.ആൻഡ് ടി-ഇൽ പറയുന്ന എല്ലാ നിബന്ധനകളും ദർഘാസ് പരിഗണിക്കുന്നതിനുള്ള മറ്റ് അനുബന്ധ നിയമങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ദർഘാസുകൾ നിരസിക്കുന്നതിനുള്ള അവകാശവും താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
**രജിസ്ട്രാർ**

പകർപ്പ് :

1. **പി.ആർ.ഒ**
2. **സർവ്വകലാശാലാ വെബ്സൈറ്റിലേയ്ക്ക്**
3. **നോട്ടീസ് ബോർഡ്**